(ബി) അർഹതയുണ്ടായിട്ടും നിരവധിപേർക്ക് സ്വാതന്ത്ര്യ സൈനിക സമ്മാൻ പെൻഷൻ ലഭ്യമാക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പെൻഷൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) രേഖാമൂലം അപേക്ഷ സമർപ്പിച്ചവരിൽ അർഹതയുള്ള ആർക്കും പെൻഷൻ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) & (ഡി) അനേകം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; സ്വതന്ത്രതാ സൈനിക് സമ്മാൻ സ്കീമിൽ നിഷ്കർഷിക്കുന്ന തെളിവ് രേഖകളോടെ ലഭിക്കുന്നവ, കേന്ദ്ര സർക്കാരിലേക്ക് പെൻഷനുവേണ്ടി ശുപാർശ ചെയ്ത് അയയ്ക്കുകയാണ് ചെയ്യാറുള്ളത്.

ഗുണ്ടാ-മാഫിയാ സംഘങ്ങളെ നിയന്ത്രിക്കാൻ നടപടി

58 [1573] ശ്രീ. സി. മമ്മൂട്ടി:
,, യു. സി. രാമൻ:
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അനുദിനം വർദ്ധിച്ചു വരുന്ന ഗുണ്ടാ-മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണ്ടകളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ബ്ലേഡ് സംഘങ്ങൾ, വാഹന ബ്രോക്കർമാർ, കെട്ടിട ബ്രോക്കർമാർ തുടങ്ങിയവരെക്കുറിച്ച് എന്തെങ്കിലും വിവരങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ അന്വേഷണം നടത്തി ഇത്തരം മാഫിയകളെ അമർച്ച ചെയ്യാൻ ശക്തവും അടിയന്തിരവുമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗുണ്ട എന്ന പദം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സാമൂഹ്യവിരുദ്ധരുടെ സംഘടിതവും അല്ലാതെയുമുള്ള അക്രമങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ട്. സാമൂഹ്യവിരുദ്ധരെ റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും റസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ച് പ്രവർത്തിച്ചും, കേസുകൾ രജിസ്റ്റർ ചെയ്തും, പ്രോസിക്യൂഷൻ നടപടികൾ കൈക്കൊണ്ടും കുറ്റവാളികളുടേയും കൂലിത്തല്ലുകാരുടേയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടേയും പേരിൽ സി. ആർ. പി. സി. 107, 109, 110 (ഇ ആന്റ് ജി) പ്രകാരം നല്ല നടപ്പിന് ജാമ്യം വെയ്ക്കുന്നതിലേക്ക് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ റിപ്പോർട്ട് നൽകുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ ക്രൈം മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാണ്. സ്കാഡുകൾ രൂപീകരിച്ചും എൽ. പി. കേസുകളിൽ പ്രതികളെ പിടികൂടിയും നിയമനടപടിക്ക് വിധേയമാക്കാറുണ്ട്.

(ബി)&(സി) സംഘടിതവും അല്ലാതെയുമുള്ള സാമൂഹ്യവിരുദ്ധരേയും സ്ഥിരം കുറ്റവാളികളേയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ബ്ലേഡു സംഘങ്ങൾ, വാഹന ബ്രോക്കർമാർ, കെട്ടിട ബ്രോക്കർമാർ തുടങ്ങിയവരെക്കുറിച്ച് സമഗ്രമായി അന്വേഷണം നടത്തിവരുന്നു. ഇത്തരക്കാർക്കെതിരേയും അവരെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവർക്കെതിരേയും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗുണ്ടകളുടേയും ഗുണ്ടാസംഘങ്ങളുടേയും ലിസ്റ്റ്

59 [1574] ശ്രീ. തോമസ് ഉണ്ണിയാടൻ :
„ ജോസഫ് എം. പുതുശ്ശേരി :
„ സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി. എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള ഗുണ്ടകളുടേയും ഗുണ്ടാസംഘാങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത ഗുണ്ടകളും ഗുണ്ടാസംഘങ്ങളും ഏതു തരം കുറ്റകൃത്യങ്ങളിലാണ് സാധാരണമായും ഏർപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗുണ്ടകളേയും ഗുണ്ടാസംഘങ്ങളേയും അമർച്ച ചെയ്യുവാൻ ഏറ്റവും അവസാനമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly